## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3430 — 29.1.2014-ൽ മറുപടിക്ക്

### വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ സ്വരാജ് ഭവനിലേയ്ക്കു മാറ്റുന്നതിനു നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| ഇപ്പോൾ തിരുവനന്തപുരത്ത് പബ്ലിക് ഓഫീസ് സമുച്ചയത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്ത് ഡയറക്ടറേറ്റ്, എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയറുടെ ഓഫീസ്, അർബൻ അഫയേഴ്സ് ഡയറക്ടറേറ്റ് തുടങ്ങിയ ഓഫീസുകൾ സ്വരാജ് ഭവനിലേയ്ക്കു മാറ്റി സ്ഥാപിക്കാത്തപക്ഷം ഭീമമായ വാടകയ്ക്കു പ്രവർത്തിച്ചുവരുന്ന മറ്റു സർക്കാർ ഓഫീസുകൾക്ക് അവിടെ സ്ഥലം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ? | തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുളള എല്ലാ സ്ഥാപനങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടു വരിക എന്ന ലക്ഷ്യത്തോടെയാണ് സ്വരാജ്ഭവൻ എന്ന ഓഫീസ് സമുച്ചയം പണികഴിപ്പിച്ചിട്ടുളളത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുളള എല്ലാ ഓഫീസുകൾക്കും സ്ഥലം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ഡയറക്ടറേറ്റ്, എൽ.എസ്.ജി.ഡി.ചീഫ് എൻജിനീയറുടെ ഓഫീസ് എന്നിവയ്ക്ക് പോലും സ്ഥലപരിമിതി കാരണം സ്വരാജ്ഭവനിൽ സ്ഥലം അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ മറ്റ് സർക്കാർ ഓഫീസുകൾക്ക് സ്വരാജ്ഭവനിൽ സ്ഥലം അനുവദിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ